ഉത്തരം

(എ, ബി) റവന്യൂ ബോർഡ് മെമ്പർക്ക് വേണ്ടി വാങ്ങിയ പുതിയ കാർ ഓടിക്കുന്നതിന് ദിവസക്കൂലി അടിസ്ഥാനത്തിൽ ഒരു ഡ്രൈവറെ നിയമിച്ചിട്ടുണ്ട്. ഈ കാറിനുവേണ്ടി ഡ്രൈവറുടെ ഒരു തസ്തിക സൃഷ്ടിക്കാനുള്ള നിർദ്ദേശം റവന്യൂ ബോർഡിൽ നിന്ന് ലഭിച്ചത് സർക്കാർ പരിഗണിച്ചുവരുന്നു.

ജില്ലാ ആസ്ഥാനങ്ങളിൽനിന്നും താലൂക്ക് ആസ്ഥാനങ്ങളിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

വികസനാവശ്യത്തിനുള്ള റവന്യൂഭൂമി

2007 [3094] ശ്രീ. പി. പി. തങ്കച്ചൻ:
,, മണിമംഗലത്ത് കുട്ട്യാലി:
,, കെ. എസ്. നാരായണൻ നമ്പൂതിരി:
,, എൻ. ശക്തൻ നാടാർ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വികസന ആവശ്യത്തിലേക്കായി പ്രത്യേക റവന്യൂഭൂമി തിരിച്ചിടുന്നതിന് ഉദ്ദേശ്യമുണ്ടോ?

ഉത്തരം

പൊതുവായ ആവശ്യങ്ങൾക്കായി റവന്യൂ ഭൂമി മാറ്റിവയ്ക്കുവാൻ 1964-ലെ കേരളഭൂമി പതിവ് ചട്ടത്തിൽതന്നെ വ്യവസ്ഥയുണ്ട്. ഇപ്രകാരം മാറ്റിവച്ചശേഷം ബാക്കിയുള്ള ഭൂമി മാത്രമേ പതിച്ചു നൽകാറുള്ളൂ. ഇങ്ങനെ ചെയ്യുന്നത് വികസന ആവശ്യങ്ങൾക്കും മറ്റും റവന്യൂ ഭൂമി ഉപയോഗപ്പെടുത്തുന്നതിനുവേണ്ടിയാണ്.

കെൽട്രോണിൽ സ്ത്രീകൾക്കും പട്ടികജാതിക്കാർക്കും അർഹമായ പ്രാതിനിധ്യം നൽകാൻ നടപടി

2008 [3102] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിൽ നിയമനത്തിന് സ്ത്രീകൾക്കും പട്ടികജാതിക്കാർക്കും അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) അവിടെ സ്ത്രീകൾക്കും പട്ടികജാതിക്കാർക്കും പ്രാതിനിധ്യം നൽകുമോ?

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂവിന് ക്ഷണിക്കുമ്പോൾ പ്രായം/യോഗ്യതകൾ എന്നിവയിൽ കുറവ് നൽകാറുണ്ട്. 3117 മൊത്തം ഉദ്യോഗസ്ഥൻമാരുള്ളതിൽ 514 പേർ സ്ത്രീകളാണ്. (18.06 ശതമാനം) പട്ടികജാതി/പട്ടികവർഗ്ഗക്കാരായ 272 ജീവനക്കാർ ഉണ്ട്. (പ്രതിനിധ്യം 8.7 ശതമാനം)

LIBRARY ARCHIVES Kerala Legislative Assembly